## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 20 10.12.2012-ൽ മറുപടിക്ക്

## സെക്രട്ടേറിയറ്റിന്റെ പ്രവർത്തന ക്ഷമത

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി.കെ.നാണു** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സെക്രട്ടേറിയറ്റിന്റെ പ്രവർത്തനത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (ബി) സെക്രട്ടേറിയറ്റിന്റെ പ്രവർത്തനത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അറ്റന്റൻസ് മാനേജ്മെന്റ് സിസ്റ്റം (പഞ്ചിംഗ് സിസ്റ്റം) ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സംവിധാനം 01.04.2010 മുതൽ കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുണ്ട്. ജീവനക്കാർക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സെക്രട്ടേറിയറ്റ് ട്രെയിനിംഗ് ആന്റ് മാനേജ്മെന്റ്, ന്യൂഡൽഹി എന്നീ സ്ഥാപനങ്ങൾ മുഖേന പരിശീലനങ്ങൾ നൽകി വരുന്നുണ്ട്. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഫയൽ ട്രാക്കിംഗ് സംവിധാനമായ IDEAS ഫലപ്രദമായി നടപ്പിലാക്കി വരുന്നു. കൂടാതെ പൊതുജനങ്ങൾക്കായി അന്വേഷണ കൗണ്ടറുകൾ രൂപീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) നടപടികളിലെ സങ്കീർണ്ണതകൾ മൂലം ഫയലുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടിക്രമങ്ങൾ ലഘൂകരിക്കുന്ന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) ഇപ്പോൾ ആലോചനയിലില്ല. |
| (ഡി) കെട്ടിക്കിടക്കുന്ന ഫയലുകളിന്മേൽ തീരുമാനമെടുക്കാൻ നിരീക്ഷണ സംവിധാനം നിലവിലുണ്ടോ ; | (ഡി) & (ഇ) കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പ് സെക്രട്ടറിമാരും പ്രതിമാസ സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഫയൽ തീർപ്പാക്കലിന്റെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ എല്ലാ വകുപ്പുകളുടെയും പ്രതിമാസ പ്രവർത്തന റിപ്പോർട്ടുകൾ അവലോകനം ചെയ്ത് സമാഹൃത റിപ്പോർട്ടുകൾ തയ്യാറാക്കുകയും, പഴക്കം ചെന്ന ഫയലുകൾ അടിയന്തരമായി തീർപ്പാക്കാൻ പ്രസ്തുത റിപ്പോർട്ടുകളിലൂടെ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകുകയും ചെയ്തു വരുന്നുണ്ട്. |
| (ഇ) ഇല്ലെങ്കിൽ ആയത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | |

സെക്ഷൻ ഓഫീസർ